"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ്-ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീ.പി.കെ. പുഷ്പാംഗദൻ ഫയൽ ചെയ്ത OA(EKM) 1686/2021 മേലുള്ള 22.06.2022 ലെ വിധിന്യായം നടപ്പിലാക്കി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.396/2022/F&WLD തീയതി,തിരുവനന്തപുരം, 17-09-2022.

---

പരാമർശം:-

1. ശ്രീ. പി.കെ. പുഷ്പാംഗദൻ സമർപ്പിച്ച 02.08.2021 ലെ അപേക്ഷ.
2. ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ശ്രീ.പി.കെ. പുഷ്പാംഗദൻ ഫയൽ ചെയ്ത OA(EKM) 1686/2021 മേലുള്ള 22.06.2022 ലെ ഉത്തരവ്.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 17.02.2022, 15.07.2022 തീയതികളിലെ ഇ7-4980/2021 നമ്പർ കത്തുകൾ.
4. 17.08.2022 ലെ സ.ഉ(സാധാ) നം.354/2022/വനം നമ്പർ ഉത്തരവ്.
5. 22.08.2022 ലെ എഫ്3/318/2021/വനം നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വനം വന്യജീവി വകുപ്പിൽ നിന്നും സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി 31.05.2012 ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. പി.കെ. പുഷ്പാംഗദൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1686/2021 നമ്പർ കേസ്സിൽ, അപേക്ഷകൻ ടിയാന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് ഫുൾ പെൻഷനും ആനുകൂല്യങ്ങളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ (Annexure A5), ഉത്തരവ് തീയതി മുതൽ രണ്ട് മാസത്തിനകം, ടിയാനൊപ്പം കുറ്റാരോപിതരായവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകിയതും, പ്രൊബേഷൻ ഡിക്ലയർ ചെയ്തു നൽകിയതുമായ Annexures A2, A3 ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, തീരുമാനമെടുത്തു ട്രിബ്യൂണലിന് റിപ്പോർട്ട് ചെയ്യാൻ പരാമർശം (2) പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവായിരുന്നു.

2. ശ്രീ. പി.കെ. പുഷ്പാംഗദൻ വാഴാനി ഫോറസ്റ്റ് സ്റ്റേഷനിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി ജോലി നോക്കിയ കാലയളവിൽ 1939-40 ചേപ്പിലക്കോട് തേക്ക് തോട്ടത്തിലെ അടക്കിമുറിയുമായി ബന്ധപ്പെട്ട ക്രമക്കേടിന്റെ പേരിൽ ടിയാനെ 12.01.2006 ലെ സ.ഉ(സാധാ) 34/06/വനം ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്യുകയുണ്ടായി. തുടർന്ന് ശ്രീ. പി.കെ. പുഷ്പാംഗദനെ 24.10.2007 ലെ സ.ഉ(സാധാ) 600/07/വനം ഉത്തരവ് പ്രകാരം സർവീസിൽ പുനഃ പ്രവേശിപ്പിച്ചിരുന്നു എങ്കിലും, വിജിലൻസ് കേസ് ബഹു കോടതിയിൽ ആയതിനാൽ

സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുകയോ പ്രൊബേഷൻ ഡിക്ലയർ ചെയ്യുകയോ ചെയ്തിരുന്നില്ല. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ രജിസ്റ്റർ ചെയ്ത VC 02/06/TSR കേസിൽ അന്വേഷണം പൂർത്തിയാക്കി ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുള്ളതും പ്രസ്തുത കേസ് സി.സി-67/11 നമ്പരായി തൃശ്ശൂർ വിജിലൻസ് കോടതിയിൽ വിചാരണ തുടർന്നു വരികയുമാണ്.

3. ശ്രീ. പുഷ്പാംഗദനോടൊപ്പം കുറ്റാരോപിതനായ സസ്പെൻഷനിൽ ആയതും വിജിലൻസ് കേസ് നിലവിൽ ഉള്ളതുമായ ശ്രീമതി പി.എം.സീനയുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് പ്രൊമോഷൻ നൽകിയ നടപടിയും ( Annexures A2), ശ്രീ. എ.ഒ.സണ്ണി യ്ക്ക് ഫുൾ പെൻഷൻ അനുവദിച്ച നടപടിയും( Annexures A3) ആണ് ശ്രീ. പുഷ്പാംഗദൻ മേൽ കേസിൽ പ്രതിപാദിച്ചിട്ടുള്ളത്. ശ്രീ. പുഷ്പാംഗദനൊപ്പം കുറ്റാരോപിതരായ ശ്രീ. എ.ഒ.സണ്ണിക്ക് വിജിലൻസ് കേസ് നിലവിലുണ്ടായിന്നതിനാൽ 80 % പ്രൊവിഷണൽ പെൻഷൻ ആണ് അനുവദിച്ച് നൽകിയിരുന്നത് എന്നും തുടർന്ന് ടിയാന്റെ അപേക്ഷ പരിഗണിച്ച് പെൻഷൻ തുക 100 % ആയി ഉയർത്തി നൽകിയതായും , പ്രൊബേഷൻ കാലയളവിൽ ശ്രീമതി. പി.എം.സീനയുടെ പേരിൽ അച്ചടക്ക നടപടികളോ മറ്റ് ബാദ്ധ്യതകളോ നിലവിലില്ലായിരുന്നു എന്നും പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ വകുപ്പ്തല പരീക്ഷകൾ നേടിയിട്ടുണ്ടെന്നും കൺട്രോളിംഗ് ഓഫീസർമാർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടുള്ളതെന്നും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും, സമാന കേസിൽ കുറ്റാരോപിതരായ ശ്രീ. എം. യൂസഫിന് 85 % പ്രൊവിഷണൽ പെൻഷനും ശ്രീ.പി.കെ. ദേവാനന്ദന് 75 % പെൻഷനും ആണ് അനുവദിച്ച് നൽകിയിട്ടുള്ളതെന്നും പരാമർശം (3) ലെ 15.07.2022 തീയതിയിലെ കത്ത് പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിക്കുയുണ്ടായി.

4. സർക്കാർ ഈ വിഷയം പരിശോധിക്കുകയുണ്ടായി. ശ്രീ.പി.കെ. പുഷ്പാംഗദന്റെ 12.01.2006 മുതൽ 23.10.2007 വരെയുള്ള സസ്പെൻഷൻ കാലയളവ് KSR Part I Rule 56 B(1) പ്രകാരം ശമ്പളവും അലവൻസുകളും ഉപജീവനബത്തയിൽ പരിമിതപ്പെടുത്തിക്കൊണ്ട് മുൻകാല സർവീസ് നഷ്ടപ്പെടാത്ത വിധത്തിൽ നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച കൊണ്ടും, ടിയാന്റെ 24.10.2007 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരേയും ഉള്ള ഇടവേളകൾ KSR Part I Rule 56 B(9) Note -2 പ്രകാരം പ്രവേശന കാലയമായോ അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിക്കുന്നതിനും ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററക്ക് അനുമതി നൽകിക്കൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവായിട്ടുണ്ട്.

5. 'work and conduct' തൃപ്തികരമാണോ എന്നത് വിലയിരുത്തി പ്രൊബേഷൻ പ്രഖ്യാപിക്കപ്പെടുന്നതിന് യോഗ്യരാണോ എന്നതിൽ നിയമനാധികാരിക്ക് യുക്തമായ തീരുമാനമെടുക്കാവുന്നതാണ് എന്നും, സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച ശേഷം, കെ.എസ്.& എസ്.എസ്.ആർ ഭാഗം ഒന്ന് ചട്ടം 2(6) പ്രകാരം ഡ്യൂട്ടിയുടെ നിർവചനത്തിൽപ്പെടാത്തതും പ്രൊബേഷൻ കണക്കാക്കുന്നതിന് പരിഗണിക്കാനാവാത്തതുമായ അവധികൾ അവയുടെ prefix/suffix എന്നിവ ഉൾപ്പെടെ ഒഴിവാക്കി ചട്ട പ്രകാരം വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള പ്രൊബേഷനുള്ള ഡ്യൂട്ടി കാലയളവ് പൂർത്തിയാക്കുന്ന തീയതി കണക്കാക്കി ടിയാൻ മറ്റ് വിധത്തിൽ യോഗ്യനാണെന്ന് കാണുന്ന പക്ഷം അതിന്റെ തൊട്ടടുത്ത ദിവസം പൂർവ്വാഹ്നം പ്രാബല്യത്തിലോ; ഏതെങ്കിലും കാരണവശാൽ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിക്കേണ്ട

സാഹചര്യ മുണ്ടെങ്കിൽ കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം ഒരു വർഷത്തേയ്ക്ക് നിയമനാധികാരിയ്ക്കും, ഒരു വർഷത്തിനു മുകളിലുള്ള കാലയളവ് സർക്കാർ തലത്തിലും ഉചിതമായി ദീർഘിപ്പിച്ച് നൽകുകയും ചെയ്ത ശേഷം, പ്രൊബേഷൻ പ്രഖ്യാപിക്കപ്പെടുന്നതിന് യോഗ്യമാണെന്നു കണക്കാക്കപ്പെടുന്ന തീയതിയുടെ പൂർവ്വാഹ്നം (FN) പ്രാബല്യത്തിലും, പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് നിയമനാധികാരിക്ക് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്ന് പരാമർശം (5) പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്.

6. ഇപ്രകാരം, ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) പ്രകാരമുള്ള ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് ജി ആർ
ജോയിന്റ് സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.

ശ്രീ.പി.കെ. പുഷ്പാംഗദൻ, റിട്ട.സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, പൂക്കാട്ട് ഹൗസ്, കാഞ്ഞാണി പി.ഒ, തൃശ്ശൂർ-680 612.

അഡ്വക്കേറ്റ് ജനറൽ,കേരള, എറണാകുളം(ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Shiju P Paul**
**Date: 20-09-2022 10:04:15**
സെക്ഷൻ ഓഫീസർ.